പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2132 — 11.02.2020 ൽ മറുപടിക്ക്

# ഡയാലിസിസ് യൂണിറ്റുകളുടെ അപര്യാപ്തത

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നിലവിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ ഉണ്ട്; വിശദാംശം അറിയിക്കാമോ; | (എ) ജനറൽ ആശുപത്രി കാസർഗോഡ്, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ഉണ്ട്. |

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മെഷിനുകളുടെ എണ്ണം | ബെഡ്ഡുകളുടെ എണ്ണം | ഡയാലിസിസ് രോഗികളുടെ എണ്ണം | വെയിറ്റിംഗ് ലിസ്റ്റിലുള്ള ഡയാലിസിസ് രോഗികളുടെ എണ്ണം |
|---|---|---|---|---|---|
| | ജനറൽ ആശുപത്രി കാസർഗോഡ് | 3 | 3 | 26 | 15 |
| | ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് | 2 | 2 | 26 | 14 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഡയാലിസിസ് യൂണിറ്റുകളുടെ കുറവും രോഗികളുടെ വർദ്ധനവും മൂലം ചികിത്സക്കായി അന്യ സംസ്ഥാനത്തെ ആശുപത്രികളെ ആശ്രയിക്കേണ്ട സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) അവശരായ രോഗികൾക്ക് യാത്രയും ഭാരിച്ച സാമ്പത്തിക ചെലവും വരുത്തുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി വിവിധ സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്ന വിഷയവും നിലവിലുള്ള ആശുപത്രികളിൽ യൂണിറ്റുകൾ വർദ്ധിപ്പിക്കുന്ന വിഷയവും പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) യും (സി) യും നീലേശ്വരം, തൃക്കരിപ്പൂർ എന്നീ താലൂക്കാശുപത്രികളിൽ പുതിയ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ യൂണിറ്റിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ജനറേറ്റർ വരുന്ന മുറയ്ക്ക് പ്രവർത്തന സജ്ജമാകുന്നതാണ്. നീലേശ്വരം താലൂക്കാശുപത്രിയിൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇലക്ട്രിക് വർക്കുകൾ പൂർത്തിയായിട്ടില്ല. ടി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതോടുകൂടി രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ